# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2613 · 06.12.2018-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങൾ രജിസ്ട്രേഷന് വേണ്ടി അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ബൈലോ സഹകരണ നിയമ പ്രകാരം പരിശോധിച്ചതിന് ശേഷമാണോ ബന്ധപ്പെട്ട രജിസ്ട്രാർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നത്; | (എ) | സഹകരണ സംഘങ്ങൾ രജിസ്ട്രേഷന് സമർപ്പിക്കുന്ന ബൈലോ കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും വിധേയമാണോ എന്ന് പരിശോധിച്ചതിനു ശേഷമാണ് ബന്ധപ്പെട്ട രജിസ്ട്രാർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നത്. |
| (ബി) | അതത് രജിസ്ട്രാർ അംഗീകരിച്ച് നൽകിയ ബൈലോയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സംഘങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണോ, വെളിപ്പെടുത്തുമോ ; | (ബി) | കേരള സഹകരണ സംഘം നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരം നിലനിൽക്കുന്ന പദ്ധതികൾ ആണെങ്കിൽ സംഘങ്ങൾക്ക് നടപ്പിലാക്കാൻ അവകാശമുണ്ട്. എന്നാൽ സഹകരണ സംഘം നിയമപ്രകാരം സംഘത്തിൽ നടപ്പാക്കുന്ന ചില പ്രത്യേക പദ്ധതികൾക്ക് നിയമാവലിയോടൊപ്പംതന്നെ ഉപ നിബന്ധനകൂടി രജിസ്ട്രാറിൽ നിന്നും അംഗീകരിച്ച് വാങ്ങേണ്ടതാണ്. |
| (സി) | അംഗീകൃത ബൈലോയിൽ പറഞ്ഞിട്ടുള്ളതും സഹകരണ നിയമപ്രകാരം നിലനിൽക്കുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട രജിസ്ട്രാർ അനുമതി നൽകാതിരിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ഏതെങ്കിലും രജിസ്ട്രാർ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടാൽ എന്ത് നടപടി യാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | അപ്രകാരം പരാതിയുള്ള പക്ഷം അനുമതി നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ സർക്കാരിനോ സഹകരണ . സംഘം രജിസ്ട്രാർക്കോ അപ്പീൽ ഹർജി നൽകാവുന്നതും ആയതിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്. |
| (ഇ) | താഴ്ന്ന ക്ലാസിഫിക്കേഷനുള്ളതും പുതുതായി പ്രവർത്തനമാരംഭി ച്ചിട്ടുള്ളതുമായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന് പ്രോത്സാഹനജനകവും സഹായകരവുമായ നടപടികൾ ബന്ധപ്പെട്ട രജിസ്ട്രാർ ഓഫീസു കളിൽ നിന്നും ഉണ്ടാകുന്നതിനാ വശ്യമായ നിർദ്ദേശം നൽകുമോ? | (ഇ) | താഴ്ന്ന ക്ലാസിഫിക്കേഷനുള്ളതും പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുള്ളതുമായ സംഘങ്ങ ളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താലൂക്ക് തലങ്ങളിലും ജില്ലാ തലങ്ങളിലും നടക്കുന്ന പ്രതിമാസ അവലോകന യോഗ ങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. അത്തരം സംഘങ്ങളിൽ ആഡിറ്റ് നിർവ്വഹിക്കുമ്പോൾ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ